**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1683** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ദേശീയപാത 66-ന്റെ ഭാഗമായി വളാഞ്ചേരിയിൽ പുതിയ വയഡക്റ്റ് പാലം വന്നതോടെ കെ.എസ്.ആർ.ടി.സി. ബസുകൾ വളാഞ്ചേരി ടൗണിൽ പ്രവേശിക്കാതെ ദേശീയപാതയിലൂടെ കടന്നുപോകുന്നത് വളാഞ്ചേരിയിലെയും പരിസര പ്രദേശങ്ങളിലെയും യാത്രക്കാർക്ക് വലിയ തോതിൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവീസ് റോഡ് സ്റ്റോപ്പുകളിൽ ബസ് കാത്ത് നിൽക്കുന്ന യാത്രക്കാർക്ക് കൂടി ബസ് ലഭ്യമാകത്തക്കവിധം യാത്രക്കാരുടെ സൗകര്യാർത്ഥം സർവീസ് റോഡിലൂടെ കടന്നുപോകണമെന്ന് നിർദ്ദേശിച്ചിട്ടുള്ള എല്ലാത്തരം സർവീസുകളും അത് പ്രകാരം തന്നെ കൃത്യമായി സർവീസ് നടത്തണം എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി)** കെ.എസ്.ആർ.ടി.സി. ബൈപ്പാസ് റൈഡർ, മിന്നൽ, ഡീലക്സ് ശ്രേണിയിൽപ്പെട്ട ദീർഘദൂര സർവീസുകൾക്ക് കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ ഫെയർ സ്റ്റേജ്, ബുക്കിംഗ് പോയിന്റ് എന്നിവ ഇല്ലാത്തതിനാൽ ദീർഘദൂര യാത്ര പോയി വരുന്നവർ എറണാകുളത്തും കുറ്റിപ്പുറത്തും മറ്റും ഇറങ്ങി മറ്റ് ബസുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണെന്നും ഇത് രാത്രി കാലങ്ങളിൽ രോഗികളടക്കമുള്ള യാത്രികർക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്നുമുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സി.യുടെ മിന്നൽ, ബൈപ്പാസ് റൈഡർ ബസുകൾ ഒഴികെയുള്ള എല്ലാ തരം സർവീസുകൾക്കും വളാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. കൂടാതെ രാത്രികാലത്ത് 08.00 മണി മുതൽ രാവിലെ 06.00 മണി വരെ കെ.എസ്.ആർ.ടി.സി.യുടെ മിന്നൽ ഒഴികെയുള്ള എല്ലാത്തരം ബസുകളും വനിതാ യാത്രക്കാരുടെ ആവശ്യപ്രകാരം ഏത് സ്ഥലം / ബസ് സ്റ്റോപ്പുകളിൽ സുരക്ഷിതമായി നിർത്തി നൽകുന്നതിനുള്ള നിർദ്ദേശവും ഇതിനോടകം നൽകിയിട്ടുണ്ട്.

**(സി)** പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** ലഭ്യമായിട്ടുണ്ട്.

വളാഞ്ചേരിയിൽ മിന്നൽ ബസ് / ബൈപ്പാസ് റൈഡർ ഒഴികെയുള്ള ഇതര സർവീസുകൾക്ക് ബോർഡിംഗ് / ഡ്രോപ്പിംഗ് പോയിന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(ഡി)** ദീർഘദൂര യാത്രികർക്ക് പ്രയോജനപ്പെടുംവിധം കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ സർവീസുകൾക്കും വളാഞ്ചേരിയിൽ സ്റ്റോപ്പും ബുക്കിംഗ് പോയിന്റും ഫെയർ സ്റ്റേജും അനുവദിച്ച് നിലവിലുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ഫാസ്റ്റ് പ്രീമിയം വരെയുള്ള സർവീസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പ്, ഫെയർ സ്റ്റേജ്, ബുക്കിംഗ് സ്റ്റേജ് എന്നിവ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ യാത്രാസമയം പരമാവധി കുറയ്ക്കുന്നതിനും ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമായവിധം പരിമിതമായ സ്റ്റോപ്പുകളുമുള്ള ഇതര ദീർഘദൂര സർവീസുകൾക്ക് വളാഞ്ചേരിയിൽ ഫെയർ സ്റ്റേജ്, സ്റ്റോപ്പ്, ബുക്കിംഗ് പോയിന്റ് എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് നിലവിൽ വളാഞ്ചേരിയ്ക്ക് സമീപമുള്ള ബുക്കിംഗ് പോയിന്റിലേയ്ക്ക് നിലവിൽ സീറ്റ് റിസർവ് ചെയ്യുന്ന യാത്രക്കാരുടെ എണ്ണം, ടി റൂട്ടിലെ സർവീസുകളുടെ ക്രമീകരണം എന്നിവ കൂടി പരിശോധിച്ച് മാത്രമേ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ എന്നതിനാൽ സാധ്യതാപഠനം നടത്തേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**